**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **30-08-2022 - ൽ മറുപടിയ്ക്ക്**

**പുന്നമട പാലം, കോടതി പാലം എന്നിവയുടെ നിർമാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ പുന്നമട പാലം, കോടതി പാലം എന്നിവയുടെ നിർമാണ പുരോഗതിയെ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ; | (എ) | **പുന്നമട പാലം**<br><br>പ്രസ്തുത പാലത്തിന് 17.09.2017 തീയതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 4 കോടി രൂപയുടെ സാമ്പത്തികാനുമതിയും, 17.01.2018 തീയതിയിൽ പാലം നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും 44.80 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. ഉടർന്ന് സ്ഥലം ഏറ്റെടുപ്പ് പ്രവൃത്തികൾ പുരോഗമിക്കുകയും പുനരധിവാസം സംബന്ധിച്ച നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വന്നിരുന്നതുമാണ്. എന്നാൽ വിട്ടുപോയ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തുവാനുള്ള സാങ്കേതിക തടസ്സങ്ങൾ മൂലം 29.12.2021 തീയതിയിലെ ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം നാളിതുവരെ ചെയ്ത സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ റദ്ദാക്കുകയും സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ ജനുവരി 2022 ന് പുനർ ആരംഭിക്കുകയും ചെയ്തു. നിലവിൽ ടി പ്രവൃത്തിയുടെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ ഉടൻ സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാകും.<br><br>**ജില്ലാ കോടതി പാലം**<br><br>പ്രസ്തുത പാലം പ്രവർത്തിക്ക് 26.02.2021 തിയതിയിൽ 120.62 കോടിയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിന് 22.50 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ സ്ഥലമേറ്റെടുപ്പുനടപടി അന്തിമ ഘട്ടത്തിലാണ്. പുറപ്പെടുവിച്ച 19(1) വിജ്ഞാപനത്തിന്റെ കാലാവധി 13.04.2022 മുതൽ 6 മാസം കൂടി നീട്ടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാര തുകയായ 20.06 കോടി രൂപ കിഫ്ബിയിൽ നിന്നും 25.05.2022 ൽ അനുവദിക്കുകയും ചേർത്തല സ്പെഷ്യൽ തഹസിൽദാർക്ക് 21.06.2022 ൽ കൈമാറിയിട്ടുമുണ്ട്.<br><br>പ്രവർത്തിയുടെ സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് 24.05.2022 തീയതിയിൽ നടന്ന ടെക്നിക്കൽ കമ്മിറ്റി മീറ്റിങ്ങിൽ പരിശോധിക്കുകയും എസ്റ്റിമേറ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവർത്തികൾക്കുള്ള യഥാർത്ഥ തുക ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് പുനർസമർപ്പിക്കാൻ കമ്മിറ്റി നിർദ്ദേശിക്കുകയും ചെയ്തു.<br><br>KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റ് 29.07.2022 തിയതിയിൽ KSEB ഓഫീസിൽ നിന്നും ലഭിച്ചതായും KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണെന്നും ആലപ്പുഴ കെ.ആർ.എഫ്.ബി. - പി. എം. യു. എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.<br><br>സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ച് പാലം പ്രവർത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായാൽ സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനാകും. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | കോടതിപാലത്തിന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | (എ) പിരിവിന്റെ അതേ മറുപടി |
| (ഡി) | പുന്നമട പാലത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | (എ) പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ